223 (289) റവന്യൂ വകുപ്പിൽനിന്നും നൽകേണ്ട സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും നൽകേണ്ട സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

(സി) റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ചില കേസ്സുകളിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലതാമസം വരുത്താതെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റിന്റെ 6.3.1999-ലെ ഉത്തരവ് നം. 49/99/പജ:പവ:വിവ: പ്രകാരം സ്കൂൾ പ്രവേശനത്തിനായി പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിനു ലഭിക്കുന്ന അപേക്ഷകൾ റവന്യൂ അധികൃതർ മുൻഗണന നൽകി തീർപ്പാക്കേണ്ടതും, അർഹരായവർക്ക് സ്കൂൾ അഡ്മിഷൻ സമയത്തുതന്നെ സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയുംവിധം കാലതാമസംകൂടാതെ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

224 (290) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിന് നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
ശ്രീ ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വലിയ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതിന് സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly